അന്നയോജന-അന്ത്യയോജന പദ്ധതികളുടെ പ്രയോജനം ലഭിക്കുന്ന കുടുംബങ്ങൾ

10 (*413) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ഡി. സതീശൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് അന്നയോജന-അന്ത്യയോജന പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ് ;

(സി) ഈ പദ്ധതിപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ സുതാര്യത നിലനിർത്തിയിരുന്നുവോ, എങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കുമോ ;

(ഡി) ഈ പദ്ധതികൾ അനുസരിച്ച് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) 271575 കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

(ബി & സി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽത്തന്നെ ഏറ്റവും ദരിദ്രരായ കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ/ വാർഡുസഭകളാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിനേയും അത് സംബന്ധിച്ച നടപടി ക്രമങ്ങളേയും പറ്റി, പൊതുജനങ്ങൾക്ക് മതിയായ അറിവ് ലഭിക്കത്തക്കരീതിയിൽ ജില്ലാ, പഞ്ചായത്ത് തലങ്ങളിൽ വ്യാപകമായ പ്രചാരണം നടത്തിയശേഷമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. കൂടാതെ, ഗുണഭോക്താക്കളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് വാർഡ്/തലത്തിൽ പ്രദർശിപ്പിച്ച് ആക്ഷേപങ്ങൾ വല്ലതും ഉണ്ടോയെന്ന് പരിശോധിച്ചതിനു ശേഷമാണ് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്. ഇതിനു പുറമേ ഗുണഭോക്താക്കളുടെ ലിസ്റ്റ് റേഷൻ കടകളിൽ പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ വേണ്ടത്ര സുതാര്യത നിലനിർത്തിയിട്ടുണ്ട്.

(ഡി) ഗുണഭോക്തൃ കുടുംബങ്ങൾക്ക് പ്രതിമാസം 35 കി. ഗ്രാം അരി കി. ഗ്രാമിന് 3 രൂപ വിലയ്ക്ക് റേഷൻ ഷോപ്പുകൾ വഴി ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly